പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1666 04.10.2016-ൽ മറുപടിയ്ക്ക്

## ദേശീയ ഗെയിംസ് നടത്തിപ്പുമായി ബന്ധപ്പെട്ട അഴിമതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.സി.കൃഷ്ണൻ | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി) |
| (എ) | കഴിഞ്ഞ ദേശീയ ഗെയിംസ് നടത്തിപ്പുമായി ബന്ധപ്പെട്ട് അഴിമതി ആരോപണങ്ങൾ ഉയർന്നുവന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇവയിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടോ ; വിശദമാക്കാമോ ; | (എ) | 35-ാം ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളും വരവുചെലവു കണക്കുകളും അക്കൗണ്ടന്റ് ജനറലും കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ടുമെന്റും വിശദമായ പരിശോധനകൾ നടത്തുകയും റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തു. റിപ്പോർട്ടുകളിൽ അഴിമതി നടന്നതായി പ്രത്യേകമായി പരാമർശങ്ങളൊന്നും ഇല്ല. |
| (ബി) | ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് ഏതൊക്കെ ഓഡിറ്റ് വിഭാഗങ്ങളുടെ പരിശോധന പൂർത്തിയായിട്ടുണ്ട് ; ക്രമക്കേട് നടന്നതായി റിപ്പോർട്ടിൽ പരാമർശമുണ്ടോ ; വിശദമാക്കാമോ ; | (ബി)<br>&<br>(സി) | അക്കൗണ്ടന്റ് ജനറലും കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ടുമെന്റും ആഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് നൽകുകയും റിപ്പോർട്ടിന് മറുപടി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നടപടി ക്രമങ്ങളിൽ സംഭവിച്ച വീഴ്ചകളെ സംബന്ധിച്ച് പരാമർശങ്ങളിൽ വ്യക്തവും തൃപ്തികരവുമായ മറുപടി അക്കൗണ്ടന്റ് ജനറലിനും സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ടുമെന്റിനും സമർപ്പിച്ചിട്ടുണ്ട്. |
| (സി) | കൂടുതൽ പരിശോധന ഇതുമായി ബന്ധപ്പെട്ട് നടത്തുമോ ; വിശദമാക്കാമോ ? | | |

Manj M

സെക്ഷൻ ഓഫീസർ